പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2771 20.07.2011-ൽ മറുപടിയ്ക്ക്

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി.

ചോദ്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ (ആർ. ജി. ജി. വി. വൈ) ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളും ഉൾപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടാത്ത ജില്ലകൾ ഏതൊക്കെയാണ് ;

(ബി) മലപ്പുറം അടക്കമുള്ള ആറ് വടക്കൻ ജില്ലകളിൽ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതിക്ക് പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; പദ്ധതി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ വടക്കൻ ജില്ലയിൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്.

(ബി) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ആർ. ജി. ജി. വി. വൈ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല അതാതു ടേൺ കീ കോൺട്രാക്ടർമാരെ ഏല്പിച്ചു. അതുപ്രകാരം വൈദ്യുതീകരണ പ്രവൃത്തികൾ ജില്ലകളിൽ നടന്നുവരുന്നു.

(സി) ഈ പദ്ധതി പ്രകാരം ഈ 6 ജില്ലകളിലെ ദാരിദ്രരേഖയ്ക്ക്

ലൈനും, 1455 കിലോമീറ്റർ എൽ.റ്റി ലൈനും, 1145 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതുവഴി മലബാർ മേഖലയിലെ ഭൂരിഭാഗം ഗ്രാമീണ മേഖലകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ 2012 മാർച്ച് മാസത്തോടെ പൂർത്തീകരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ.